# ഭരണഭാഷ മാതൃഭാഷ

ഇ.മെയിൽ: 'dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 2528575
2444270
ഡയറക്ടർ: 2444011

## കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം 695 011

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

നമ്പർ ബി1/1425/2019/ഡി.എം.ഇ തീയതി : 27.11.2019

## വിജ്ഞാപനം

ബി.ഫാം ലാറ്ററൽ എൻട്രി കോഴ്സിൽ കോഴിക്കോട്/കോട്ടയം എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിൽ അതാത് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ 29/11/2019ന് രാവിലെ 11 മണിക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള പ്രവേശന പരീക്ഷാ കമ്മിഷണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള കേരളാ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിന്റെ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് അലോട്ട്മെന്റ് നടത്തേണ്ടത്. യോഗ്യത തെളിയിക്കുന്നതിനാവശ്യമായ പ്രൊസ്പെക്ടസ് പ്രകാരമുള്ള ഒറിജിനൽ രേഖകൾ, ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത അലോട്ട്മെന്റിൽ പരിഗണിക്കുന്നത്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 30.11.2019 ന് തന്നെ ബന്ധപ്പെട്ട കോളേജുകളിൽ നിർബന്ധമായും ഹാജരായി പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അലോട്ട്മെന്റ് റദ്ദാകുന്നതാണ്. കോളേജ് മാറ്റം പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല. ടി വിഷയത്തിൽ ഏതെങ്കിലും വിധത്തിലുള്ള തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. പ്രസ്തുത മോപ് അപ്പ് അഡ്മിഷനിൽ പ്രോസ്പെക്ടസ് ചട്ടം 14.1 പ്രകാരമുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിന്റെ ഒഴിവുകൾ സംബന്ധിച്ച് വിവരങ്ങൾ www.kerala.gov.in എന്ന വെബ്സൈറ്റ് പരിശോധിക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 30.11.2019 നുള്ളിൽ കോളേജിൽ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

Sd/-

ഡയറക്ടർക്കുവേണ്ടി

JR/26.11.2019
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~